സി.ജി (3) **45663/2014** സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി **: 22.12.2015**

**Email : keralarcs@coop.kerala.gov.in**
**Website : www co.operation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 55/2015

**വിഷയം:** സഹകരണ വകുപ്പ് - അർബൻ സഹകരണ ബാങ്കുകളുടെ മേൽനോട്ടവും നിയന്ത്രണവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**സൂചന:** **സഹകരണ സംഘം രജിസ്ട്രാറുടെ 31.7.2010 ലെ 45/2010-ാം നമ്പർ സർക്കുലർ.**

.................

അർബൻ സഹകരണ ബാങ്കുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസം നേരിടാതിരിക്കുന്നതിനും അർബൻ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് ജാഗ്രത പുലർത്തുന്നതിനും സംസ്ഥാന ഗവൺമെന്റും റിസർവ്വ് ബാങ്കും തമ്മിൽ ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസഥാനത്തിലും, ടാഫ്കബ് മീറ്റിംഗിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധി, റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥർ എന്നിവർ അർബൻ സഹകരണ ബാങ്കുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനാലും സഹകരണ അർബൻ ബാങ്കുകളുടെ പ്രവർത്തനം കൂടുതലായി രജിസ്ട്രാർ തലത്തിൽ അവലോകനം നടത്തുന്നതിനും സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല ജില്ലകളിലും അർബൻ സഹകരണ ബാങ്കുകളുടെ യോഗം രണ്ടു മാസത്തിനുള്ളിൽ നടത്താതിരിക്കുന്നതായും യോഗ മിനിറ്റ്സ് കൃത്യമായി സമർപ്പിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല അർബൻ ബാങ്കുകളെ സംബന്ധിച്ച തപാലുകൾ, ഫയലുകൾ/അപേക്ഷകൾ എന്നിവ അസിസ്റ്റന്റ് രജിസ്ട്രാർക്ക് ലഭിച്ച് രണ്ടാഴ്ചയ്ക്കകം (14 ദിവസത്തിനകം) ജോയിന്റ് രജിസ്ട്രാറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിക്കണമെന്നും, ജോയിന്റ് രജിസ്ട്രാർ ഇക്കാര്യത്തിൽ രണ്ടാഴ്ചയ്ക്കകം (14 ദിവസത്തിനകം) നിയമാനുസൃതമായ തീർപ്പു കൽപ്പിക്കണമെന്നതിനും ഈ കാര്യത്തിൽ രജിസ്ട്രാറുടെ തീർപ്പ് ആവശ്യമായ വിഷയങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ചില ജില്ലകളിൽ ടി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഉദാസീനത തുടരാൻ അനുവദിക്കാൻ കഴിയില്ല. ആയതിനാൽ സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കു

ന്നു. എല്ലാ ലൈസൻസ്ഡ് അർബൻ ബാങ്ക് ജനറൽ മാനേജർ/പ്രസിഡന്റ് എന്നിവരുടെ ഒരു യോഗം എല്ലാ വർഷവും ജനുവരി, ഏപ്രിൽ, ജൂലയ്, ഒക്ടോബർ മാസങ്ങളിൽ 15-ാം തീയതിയ്ക്കകം ജോയിന്റ് രജിസ്ട്രാർ നിർബന്ധമായി വിളിച്ചു ചേർക്കേണ്ടതും ബാങ്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതുമാണ്. ടി യോഗത്തിൽ അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്ന താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ(പ്ലാനിംഗ്), ജോയിന്റ് രജിസ്ട്രാർ ആഫീസിലെ ബന്ധപ്പെട്ട സെക്ഷൻ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ പങ്കെടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. അപ്രകാരമുള്ള യോഗത്തിന്റെ മിനിട്ട്സ് സഹകരണ സംഘം രജിസ്ട്രാർക്ക് യോഗം ചേരുന്ന ടി മാസം 25-ാം തീയതിക്കകം അയച്ചുതരേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

അതോടൊപ്പം സർക്കുലർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടെങ്കിൽ ബന്ധപ്പെട്ട ബാങ്കുകൾ ഇക്കാര്യം യഥാസമയം സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

**ഒപ്പ്**

**സഹകരണസംഘം രജിസ്ട്രാർ**

1) റീജിയണൽ ഡയറക്ടർ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം
2) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം
3) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5) എല്ലാ അർബൻ ബാങ്ക് പ്രസിഡന്റ്/ജനറൽ മാനേജർമാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7) സെക്രട്ടറി, സഹകരണ യൂണിയൻ, തിരുവനന്തപുരം
8) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9) ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും
10) എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
11) വെബ്സൈറ്റ്

സ്റ്റോക്ക് ഫയൽ/സ്പെയർ.